

# എന്റെ ബാല്യം

കവിത



ബുഷറ മുജീബ്

ഓർമ്മകൾ തൊട്ടുണർത്തും കാലം.
ഓർക്കാതിരിക്കാൻ വയ്യാത്തകാലം.
ഒരിക്കലും മടങ്ങിവരാത്ത കാലം.
ഒരുമയിൽ കഴിഞ്ഞൊരെൻ ബാല്യകാലം.

കള്ളവുമില്ല കളങ്കവുമില്ല.
കാപട്യമെന്നതുമറിയുകില്ല.
ആടിയും പാടിയും തീർത്തകാലം.
ആ നല്ല കാലമേ ഇനി വരുമോ?

തുമ്പിയെപിടിക്കലും പട്ടം പറത്തലും.
തുമ്പയും മുക്കുറ്റിയും പറിച്ചു നടന്നതും.
ഊഞ്ഞാലിലാടി കളിച്ചുനടന്നതും.
ബാല്യകാലത്തിൻ വിശേഷണങ്ങൾ.

ഇന്നലെകളെ ഓർത്തിട്ടു ഞാൻ
ഇന്നിൻ വിഷമങ്ങൾ മറന്നിടുന്നു.
ഇനിയുള്ള കാലമീയോർമ്മകളെ
തൊട്ടുതലോടി ജീവിച്ചീടുവാൻ
ബാല്യകാലമേ...നിനക്കു നന്ദി.